## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2884** **13-12-2022 - ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവർക്കുള്ള ആശ്വാസ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന ആളുകൾ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത തരത്തിൽ ഗുരുതര രോഗം ബാധിക്കപ്പെടുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്ന വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 3 ലക്ഷം രൂപയും വായ്പയെടുത്ത ശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കി നിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 1.25 ലക്ഷം രൂപയും കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ നിന്നും അനുവദിച്ചു വരുന്നു. |
| (ബി) | പാറശ്ശാല മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്ന് റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സഹകരണ ബോർഡിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും അതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നതിലേയ്ക്കായി ആകെ 309 ധനസഹായ അപേക്ഷകൾ കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിൽ അർഹതപ്പെട്ട 234 അപേക്ഷകളിലായി ആകെ 1,97,95,752/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യം ഇതുവരെയും അനുവദിച്ചു കിട്ടാത്ത അപേക്ഷകളിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; അർഹരായ എല്ലാവർക്കും പ്രസ്തുത ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | റിസ്ക്ഫണ്ട് നിയമാവലി പ്രകാരം ധനസഹായത്തിന് അർഹത ഇല്ലാത്ത വായ്പകൾക്കാണ് ആനുകൂല്യം അനുവദിച്ചു നൽകാത്തത്. റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹതയില്ലാത്ത വായ്പകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• വായ്പക്കാരൻ മരണപ്പെടുന്ന തീയതിയിൽ വായ്പാമുതൽ തിരിച്ചടവിൽ 6 മാസത്തിലധികരിച്ച് കുടിശ്ശിക വന്നിട്ടുള്ള വായ്പകൾക്ക്. |

| | | | | |
|---|---|---|---|---|
| | | | | • വായ്പക്കാരന് മാരകരോഗം പിടിപെട്ടതോ, വായ്പക്കാരൻ മരണപ്പെട്ടതോ ആയ തീയതിയിൽ 70 വയസ്സ് അധികരിച്ച വായ്പക്കാർക്ക്.<br>• വായ്പയെടുക്കുന്നതിന് മുമ്പ് അസുഖം ബാധിച്ചതോ, വായ്പ കാലാവധി കഴിഞ്ഞ് അസുഖം ബാധിച്ചിട്ടുള്ളതോ ആയ വായ്പക്കാർക്ക്.<br>• നിയമാവലി വ്യവസ്ഥ 4(ഡി) യിൽ പ്രതിപാദിക്കാത്ത അസുഖങ്ങൾക്ക് വേണ്ടി ചികിത്സാ ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്ക്.<br>• വായ്പാക്കാലാവധി കഴിഞ്ഞ് 6 മാസത്തിനു ശേഷം വായ്പക്കാരൻ മരണപ്പെടുന്ന വായ്പകൾക്ക്.<br>• മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലല്ലാത്തതായ വായ്പകൾക്കുവണ്ടിയുള്ള ധനസഹായ അപേക്ഷകൾക്ക്. അർഹരായ മുഴുവൻ അപേക്ഷകർക്കും കാലതാമസം ഒഴിവാക്കി അപക്ഷകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കി റിസ്ക് ഫണ്ട് ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ